**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 28** **07-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരന്തനിവാരണ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി. നന്ദകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഉരുൾപൊട്ടലിനെ തുടർന്ന് വയനാട് ദുരന്ത മേഖലയിൽ സംസ്ഥാന സർക്കാർ നടത്തിയ ദുരന്തനിവാരണ പ്രവർത്തനങ്ങൾ രാജ്യത്തിന് തന്നെ മാതൃകാപരവും പ്രശംസനീയവുമാണെന്ന വിദഗ്ധാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | മേപ്പാടി ഗ്രാമപഞ്ചായത്തിലെ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ ദുരന്ത നിവാരണപ്രവർത്തങ്ങൾ രാജ്യത്തിന് തന്നെ മാതൃകയാണ്. വളരെ ചുരുങ്ങിയ സമയം കൊണ്ട് കേന്ദ്ര-സംസ്ഥാന സേനകളെയും സാങ്കേതിക വിഭാഗങ്ങളെയും മറ്റ് സംവിധാനങ്ങളെയും ആവശ്യകതയ്ക്ക് അനുസരിച്ച് ദുരന്തമുഖത്ത് എത്തിക്കാൻ സർക്കാരിന് സാധിച്ചു എന്നതാണ് ഇതിലേറ്റവും പ്രധാനമായുള്ളത്.<br><br>ഉരുൾപൊട്ടൽ സംബന്ധിച്ച വിവരം ലഭിച്ച ഉടൻ തന്നെ ഫയർ, പോലീസ്, ദേശീയ ദുരന്ത നിവാരണ സേനയുടെ ടീം, റവന്യൂ വിഭാഗം എന്നിവ സ്ഥലത്തെത്തുകയും രക്ഷാ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. തുടർന്ന് കണ്ണൂരിലെ ഡിഫെൻസ് സെക്യൂരിറ്റി കോപ്സ് ടീമും, എയർ ഫോഴ്സിന്റെ വ്യോമനിരീക്ഷണ സംവിധാനവും അവിടെ എത്തിച്ചു. ദുരന്ത സ്ഥലത്തെ ആവശ്യങ്ങൾക്കനുസരിച്ച് കോഴിക്കോട് നിന്ന് ടെറിട്ടോറിയൽ ആർമി, മദ്രാസ് എഞ്ചിനീയറിംഗ് ഗ്രൂപ്പിന്റെ എൻജിനീയറിംഗ് ടാസ്ക് ഫോഴ്സ്, നേവിയുടെ (INS സാമൂതിരി) റിവർ ക്രോസിംഗ് ടീം, ഇന്ത്യൻ ആർമിയിൽ നിന്ന് cadaver dogs എന്നീ വിഭാഗങ്ങളുടെ സേവനവും താമസംവിനാ എത്തിക്കാനായി.<br><br>അതായത്, ദുരന്തപ്രതികരണ ങ്ങൾക്കായി ആദ്യ 24 മണിക്കൂറിൽ തന്നെ ഏകദേശം 5000 ആൾക്കാരെ വിവിധ സേനാവിഭാഗങ്ങളിൽ നിന്നും സന്നദ്ധ പ്രവർത്തകരിൽ നിന്നുമായി വിന്യസിച്ചു. രക്ഷാപ്രവർത്തനങ്ങൾക്കായി ഗ്രൗണ്ട് പെനെട്രറ്റിംഗ് |

റഡാറുകൾ, ഇന്റലിജെന്റ് ബ്യുറീഡ് ഒബ്ജക്റ്റ് ഡിറ്റക്ഷൻ സിസ്റ്റം, ഡ്രോൺ എന്നിവ ഉപയോഗപ്പെടുത്തി.

നാല് മന്ത്രിമാരടങ്ങുന്ന മന്ത്രിസഭാ ഉപസമിതി ദുരന്തം നടന്ന ദിവസം മുതൽ ജില്ലയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഒരു മന്ത്രി മുഴുവൻ സമയവും പുനരധിവാസ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ചുമതല വഹിച്ചു.

പോലീസ്, ഫയർ ഫോഴ്സ് എന്നിവയ്ക്കൊപ്പം പരിശീലനം ലഭിച്ച ആപ്ത മിത, സിവിൽ ഡിഫെൻസ് സന്നദ്ധസേന അംഗങ്ങളും രക്ഷാപ്രവർത്തനത്തിൽ സജീവമായി പങ്കെടുത്തു. ദുരന്ത ബാധിതരെ വളരെ പെട്ടെന്ന് താൽക്കാലിക ക്യാമ്പുകളിലേക്ക് മാറ്റി. അവർക്ക് ആവശ്യമായ ആരോഗ്യപരിരക്ഷയും മാനസികപിന്തുണയും ഉറപ്പാക്കി. കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ എന്നിവ ഉറപ്പു വരുത്തിയതിനൊപ്പം അവർക്ക് ക്യാമ്പുകളിൽ വിനോദങ്ങളിൽ ഏർപ്പെടാനുള്ള സൗകര്യങ്ങളുമൊരുക്കി.

മരണപ്പെട്ടവരുടെ ശരീരം കണ്ടെത്തുന്നതിനായി പ്രത്യേക പരിശീലനം ലഭിച്ച നായ്ക്കൾ, IBOD, Drone എന്നിവ ഉപയോഗപ്പെടുത്തി. ശവസംസ്കാര ചടങ്ങുകൾ വളരെ വേഗം പൂർത്തീകരിച്ചു. ദുരന്ത മുഖത്തുനിന്ന് ലഭിച്ച ശരീരഭാഗങ്ങളുടെ DNA പരിശോധന ത്വരിതപ്പെടുത്തി. ലഭിച്ച ശരീര ഭാഗങ്ങൾ ഒരു ശരീരം ആയി കണ്ടുകൊണ്ട് മതാചാരപ്രകാരം മറവു ചെയ്തു.

ദുരന്തബാധിതരായ കുടുംബങ്ങൾക്ക് വാടകയ്ക്ക് താമസിക്കാൻ അനുയോജ്യമായ കെട്ടിടങ്ങൾ വിവിധ തദ്ദേശ സ്വയംഭരണ പരിധിയിൽ കണ്ടെത്തുകയും മുഴുവൻ കുടുംബങ്ങളെയും 28 ദിവസത്തിനുള്ളിൽ താത്കാലികമായി പുനരധിവസിപ്പിക്കുകയും ചെയ്തു. (ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു).

ജില്ലാ ഭരണകൂടവും ഉത്തരവാദിത്വ പൂർണ്ണമായാണ് പ്രവർത്തിച്ചത്. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും സന്നദ്ധ പ്രവർത്തകരുടെയും എം.എൽ.എ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെയും സഹകരണത്തോടെ ദുരിതാശ്വാസ രക്ഷാ-പ്രവർത്തനങ്ങൾ ഏറ്റെടുത്തു. പരുക്കേറ്റ 630 പേരെ ആശുപത്രികളിലേയ്ക്ക് മാറ്റുകയും 1300ൽ പരം പേരെ രക്ഷപ്പെടുത്തുകയും ചെയ്തു.

ദുരിതബാധിതരെ പാർപ്പിക്കുന്നതിന് വൈത്തിരി താലൂക്കിലെ വിവിധ സ്കൂളുകളിലും മറ്റുമായി ക്യാമ്പുകൾ ആരംഭിച്ചു. ആകെ 2500 ൽ പരം ആളുകളെ ദുരന്ത ബാധിത പ്രദേശത്ത് നിന്നും മാറ്റി പാർപ്പിച്ചു.

ചൂരൽമലയിൽ നിന്നും മുണ്ടക്കൈ, അട്ടമല പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ഏക പാലം ഉരുൾപൊട്ടലിൽ തകർന്നിരുന്നു. ഫയർ & റെസ്ക്യൂ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രദേശത്ത് ഉടൻ തന്നെ താൽക്കാലിക പാലവും സൈന്യത്തിന്റെ നേതൃത്വത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ ബെയ്‌ലി പാലവും നിർമ്മിച്ചു. രക്ഷാ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഇത് സഹായകരമായി. പ്രദേശവാസികളെ ഉൾപ്പെടുത്തി കൊണ്ട് നടത്തിയ ജനകീയ തെരച്ചിൽ വിവിധ മേഖലയിൽപ്പെട്ട 2000 ലധികം പേർ പങ്കെടുത്തു.

ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഒരു സ്പെഷ്യൽ ഓഫീസറെ സർക്കാർ നിയമിച്ചു. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ, ഡെപ്യൂട്ടി കളക്ടർമാർ ഉൾപ്പടെയുള്ള ഉന്നത ഉദ്യോഗസ്ഥർ ജില്ലയിൽ ക്യാമ്പ് ചെയ്യുകയും ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഏകോപനം, അടിസ്ഥാന വിവര ശേഖരണം, വിശകലനം, അപഗ്രഥനം, റിപ്പോർട്ടിങ് എന്നീ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ജില്ലാതലത്തിലും താലൂക്ക് തലത്തിലും കൺട്രോൾ റൂമുകൾ കാര്യക്ഷമമാക്കി. ദുരന്ത മേഖലയിൽ റവന്യൂ, പോലീസ്, ഫയർഫോഴ്സ് എന്നീ വകുപ്പുകളുടെ കൺട്രോൾ റൂം സജ്ജമാക്കി. ആരോഗ്യ വകുപ്പിന്റെ നേതൃത്യത്തിൽ ചൂരൽമലയിൽ പ്രത്യേക മെഡിക്കൽ ക്യാമ്പ് ആരംഭിച്ചു. ദുരന്തബാധിതരെ സഹായിക്കുന്നതിലേയ്ക്കായി കളക്ടറേറ്റിൽ ഒരു സ്പെഷ്യൽ സെൽ ആരംഭിക്കുകയും ചെയ്തു.

ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കുകയും ക്യാമ്പുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും സാധനസാമഗ്രികൾ സജ്ജീകരിക്കുകയും ചെയ്തു. ദുരന്തമുണ്ടായതും രക്ഷാ പ്രവർത്തനം നടന്നതുമായ സ്ഥലങ്ങളിൽ ശുചിത്വമിഷന്റെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. 102 ഹരിത സേന അംഗങ്ങളും 70 ഓളം സന്നദ്ധസേന അംഗങ്ങളും ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

കണ്ടെത്തിയ മൃതദേഹങ്ങളിൽ തിരിച്ചറിഞ്ഞവ ബന്ധുകൾക്ക് കൈമാറുകയും തിരിച്ചറിയാത്ത മൃതദേഹങ്ങളും ശരീരഭാഗങ്ങളും പ്രത്യേക സ്ഥലം

| | | | |
|---|---|---|---|
| | | | ഏറ്റെടുത്ത് സംസ്കരിക്കുകയും ചെയ്തു. ദുരന്തത്തിൽ മരണപ്പെട്ടവരുടെ രജിസ്ട്രേഷൻ സമയബന്ധിതമായി പൂർത്തികരിക്കുന്നതിനും ദുരന്ത ബാധിതർക്ക് നഷ്ടപ്പെട്ട രേഖകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ വേഗത്തിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു. ദുരന്തബാധിതർക്കേറ്റ മാനസിക ആഘാതത്തിൽ നിന്നും അവരെ മുക്തമാക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സാമൂഹിക മാനസികാരോഗ്യ കൗൺസിലർമാരുടെയും സൈക്യാട്രിസ്റ്റുകളുടെയും നേതൃത്വത്തിൽ കൗൺസിലിംഗ് അടക്കമുള്ള സേവനങ്ങൾ നൽകി. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായും വേഗത്തിലും നടത്തുന്നതിനുമായി ജാഗ്രതയോടെയുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിയതെന്ന് വ്യക്തമാക്കുമോ; | (ബി) | മേപ്പാടി ഗ്രാമപഞ്ചായത്തിലെ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ ദുരന്ത നിവാരണപ്രവർത്തങ്ങൾ രാജ്യത്തിന് തന്നെ മാതൃകയാണ്. വളരെ ചുരുങ്ങിയ സമയം കൊണ്ട് കേന്ദ്ര-സംസ്ഥാന സേനകളെയും സാങ്കേതിക വിഭാഗങ്ങളെയും മറ്റ് സംവിധാനങ്ങളെയും ആവശ്യകതയ്ക്ക് അനുസരിച്ച് ദുരന്തമുഖത്ത് എത്തിക്കാൻ സർക്കാരിന് സാധിച്ചു എന്നതാണ് ഇതിലേറ്റവും പ്രധാനമായുള്ളത്.<br><br>ഉരുൾപൊട്ടൽ സംബന്ധിച്ച വിവരം ലഭിച്ച ഉടൻ തന്നെ ഫയർ, പോലീസ്, ദേശീയ ദുരന്ത നിവാരണ സേനയുടെ ടീം, റവന്യൂ വിഭാഗം എന്നിവ സ്ഥലത്തെത്തുകയും രക്ഷാ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. തുടർന്ന് കണ്ണൂരിലെ ഡിഫെൻസ് സെക്യൂരിറ്റി കോപ്സ് ടീമും, എയർ ഫോഴ്സിന്റെ വ്യോമനിരീക്ഷണ സംവിധാനവും അവിടെ എത്തിച്ചു. ദുരന്ത സ്ഥലത്തെ ആവശ്യങ്ങൾക്കനുസരിച്ച് കോഴിക്കോട് നിന്ന് ടെറിട്ടോറിയൽ ആർമി, മദ്രാസ് എഞ്ചിനീയറിംഗ് ഗ്രൂപ്പിന്റെ എൻജിനീയറിംഗ് ടാസ്ക് ഫോഴ്സ്, നേവിയുടെ (INS സാമൂതിരി) റിവർ ക്രോസിംഗ് ടീം, ഇന്ത്യൻ ആർമിയിൽ നിന്ന് cadaver dogs എന്നീ വിഭാഗങ്ങളുടെ സേവനവും താമസംവിനാ എത്തിക്കാനായി.<br><br>അതായത്, ദുരന്തപ്രതികരണ ങ്ങൾക്കായി ആദ്യ 24 മണിക്കൂറിൽ തന്നെ ഏകദേശം 5000 ആൾക്കാരെ വിവിധ സേനാവിഭാഗങ്ങളിൽ നിന്നും സന്നദ്ധ പ്രവർത്തകരിൽ നിന്നുമായി വിന്യസിച്ചു. രക്ഷാപ്രവർത്തനങ്ങൾക്കായി ഗ്രൗണ്ട് പെനെട്രേറ്റിംഗ് റഡാറുകൾ, ഇന്റലിജെന്റ് ബ്യൂറീഡ് ഒബ്ജക്റ്റ് ഡിറ്റക്ഷൻ സിസ്റ്റം, ഡ്രോൺ എന്നിവ ഉപയോഗപ്പെടുത്തി.<br><br>നാല് മന്ത്രിമാരടങ്ങുന്ന മന്ത്രിസഭാ ഉപസമിതി ദുരന്തം നടന്ന ദിവസം മുതൽ ജില്ലയിൽ ദുരിതാശ്വാസ |

പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഒരു മന്ത്രി മുഴുവൻ സമയവും പുനരധിവാസ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ചുമതല വഹിച്ചു.

പോലീസ്, ഫയർ ഫോഴ്സ് എന്നിവയ്ക്കൊപ്പം പരിശീലനം ലഭിച്ച ആപ്ത മിത, സിവിൽ ഡിഫെൻസ് സന്നദ്ധസേന അംഗങ്ങളും രക്ഷാപ്രവർത്തനത്തിൽ സജീവമായി പങ്കെടുത്തു. ദുരന്ത ബാധിതരെ വളരെ പെട്ടെന്ന് താൽക്കാലിക ക്യാമ്പുകളിലേക്ക് മാറ്റി. അവർക്ക് ആവശ്യമായ ആരോഗ്യപരിരക്ഷയും മാനസികപിന്തുണയും ഉറപ്പാക്കി. കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ എന്നിവ ഉറപ്പു വരുത്തിയതിനൊപ്പം അവർക്ക് ക്യാമ്പുകളിൽ വിനോദങ്ങളിൽ ഏർപ്പെടാനുള്ള സൗകര്യങ്ങളുമൊരുക്കി.

മരണപ്പെട്ടവരുടെ ശരീരം കണ്ടെത്തുന്നതിനായി പ്രത്യേക പരിശീലനം ലഭിച്ച നായ്ക്കൾ, IBOD, Drone എന്നിവ ഉപയോഗപ്പെടുത്തി. ശവസംസ്കാര ചടങ്ങുകൾ വളരെ വേഗം പൂർത്തീകരിച്ചു. ദുരന്ത മുഖത്തുനിന്ന് ലഭിച്ച ശരീരഭാഗങ്ങളുടെ DNA പരിശോധന ത്വരിതപ്പെടുത്തി. ലഭിച്ച ശരീര ഭാഗങ്ങൾ ഒരു ശരീരം ആയി കണ്ടുകൊണ്ട് മതാചാരപ്രകാരം മറവു ചെയ്തു.

ദുരന്തബാധിതരായ കുടുംബങ്ങൾക്ക് വാടകയ്ക്ക് താമസിക്കാൻ അനുയോജ്യമായ കെട്ടിടങ്ങൾ വിവിധ തദ്ദേശ സ്വയംഭരണ പരിധിയിൽ കണ്ടെത്തുകയും മുഴുവൻ കുടുംബങ്ങളെയും 28 ദിവസത്തിനുള്ളിൽ താത്കാലികമായി പുനരധിവസിപ്പിക്കുകയും ചെയ്തു. (ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു).

ജില്ലാ ഭരണകൂടവും ഉത്തരവാദിത്വ പൂർണ്ണമായാണ് പ്രവർത്തിച്ചത്. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും സന്നദ്ധ പ്രവർത്തകരുടെയും എം.എൽ.എ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെയും സഹകരണത്തോടെ ദുരിതാശ്വാസ രക്ഷാ-പ്രവർത്തനങ്ങൾ ഏറ്റെടുത്തു. പരുക്കേറ്റ 630 പേരെ ആശുപത്രികളിലേയ്ക്ക് മാറ്റുകയും 1300ൽ പരം പേരെ രക്ഷപ്പെടുത്തുകയും ചെയ്തു.

ദുരിതബാധിതരെ പാർപ്പിക്കുന്നതിന് വൈത്തിരി താലൂക്കിലെ വിവിധ സ്കൂളുകളിലും മറ്റുമായി ക്യാമ്പുകൾ ആരംഭിച്ചു. ആകെ 2500 ൽ പരം ആളുകളെ ദുരന്ത ബാധിത പ്രദേശത്ത് നിന്നും മാറ്റി പാർപ്പിച്ചു.

ചൂരൽമലയിൽ നിന്നും മുണ്ടക്കൈ, അട്ടമല പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ഏക പാലം ഉരുൾപൊട്ടലിൽ തകർന്നിരുന്നു. ഫയർ & റെസ്ക്യൂ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രദേശത്ത് ഉടൻ തന്നെ താൽക്കാലിക പാലവും സൈന്യത്തിന്റെ നേതൃത്വത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ ബെയ്‌ലി പാലവും നിർമ്മിച്ചു. രക്ഷാ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഇത് സഹായകരമായി. പ്രദേശവാസികളെ ഉൾപ്പെടുത്തി കൊണ്ട് നടത്തിയ ജനകീയ തെരച്ചിൽ വിവിധ മേഖലയിൽപ്പെട്ട 2000 ലധികം പേർ പങ്കെടുത്തു.

ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഒരു സ്പെഷ്യൽ ഓഫീസറെ സർക്കാർ നിയമിച്ചു. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ, ഡെപ്യൂട്ടി കളക്ടർമാർ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ ജില്ലയിൽ ക്യാമ്പ് ചെയ്യുകയും ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഏകോപനം, അടിസ്ഥാന വിവര ശേഖരണം, വിശകലനം, അപഗ്രഥനം, റിപ്പോർട്ടിങ് എന്നീ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ജില്ലാതലത്തിലും താലൂക്ക് തലത്തിലും കൺട്രോൾ റൂമുകൾ കാര്യക്ഷമമാക്കി. ദുരന്ത മേഖലയിൽ റവന്യൂ, പോലീസ്, ഫയർഫോഴ്സ് എന്നീ വകുപ്പുകളുടെ കൺട്രോൾ റൂം സജ്ജമാക്കി. ആരോഗ്യ വകുപ്പിന്റെ നേതൃത്യത്തിൽ ചൂരൽമലയിൽ പ്രത്യേക മെഡിക്കൽ ക്യാമ്പ് ആരംഭിച്ചു. ദുരന്തബാധിതരെ സഹായിക്കുന്നതിലേയ്ക്കായി കളക്ടറേറ്റിൽ ഒരു സ്പെഷ്യൽ സെൽ ആരംഭിക്കുകയും ചെയ്തു.

ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കുകയും ക്യാമ്പുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും സാധനസാമഗ്രികൾ സജ്ജീകരിക്കുകയും ചെയ്തു. ദുരന്തമുണ്ടായതും രക്ഷാ പ്രവർത്തനം നടന്നതുമായ സ്ഥലങ്ങളിൽ ശുചിത്വമിഷന്റെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. 102 ഹരിത സേന അംഗങ്ങളും 70 ഓളം സന്നദ്ധസേന അംഗങ്ങളും ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

കണ്ടെത്തിയ മൃതദേഹങ്ങളിൽ തിരിച്ചറിഞ്ഞവ ബന്ധുകൾക്ക് കൈമാറുകയും തിരിച്ചറിയാത്ത മൃതദേഹങ്ങളും ശരീരഭാഗങ്ങളും പ്രത്യേക സ്ഥലം ഏറ്റെടുത്ത് സംസ്കരിക്കുകയും ചെയ്തു. ദുരന്തത്തിൽ മരണപ്പെട്ടവരുടെ രജിസ്ട്രേഷൻ സമയബന്ധിതമായി പൂർത്തികരിക്കുന്നതിനും ദുരന്ത ബാധിതർക്ക് നഷ്ടപ്പെട്ട രേഖകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ വേഗത്തിൽ

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു. ദുരന്തബാധിതർക്കേറ്റ മാനസിക ആഘാതത്തിൽ നിന്നും അവരെ മുക്തമാക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സാമൂഹിക മാനസികാരോഗ്യ കൗൺസിലർ മാരുടെയും സൈക്യാട്രിസ്റ്റുകളുടെയും നേതൃത്വത്തിൽ കൗൺസിലിംഗ് അടക്കമുള്ള സേവനങ്ങൾ നൽകി. |
| (സി) | ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഏതെല്ലാം ഏജൻസികളും സ്ഥാപനങ്ങളും സന്നദ്ധ-രാഷ്ട്രീയ സംഘടനകളും പങ്കെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) | രക്ഷാപ്രവർത്തനത്തിന്റെ വിവിധ ഘട്ടങ്ങൾ കേന്ദ്ര-സംസ്ഥാന സേനാ വിഭാഗത്തിലെ 1800 ഓളം പേർ പങ്കെടുത്തു.<br><br>126-എൻ.ഡി.ആർ.എഫ്<br><br>154-മദ്രാസ് എൻജിനീയറിംഗ് ഗ്രൂപ്പ് (ഇ.എം.ജി)<br><br>187- പ്രതിരോധ സുരക്ഷ സേന (ഡി.എസ്.സി)<br><br>137-നാവികസേന<br><br>360-ഫയർ & റസ്ക്യൂ<br><br>1286- കേരള പോലീസ് മറ്റുള്ള സേനകൾ, ഫോറസ്റ്റ് ഉദ്യോഗസ്ഥർ , തമിഴ് നാട് ഫയർ ഫോഴ്സ്,<br><br>21-റ്റി.എൻ.ഡി.ആർ.എഫ്<br><br>89-എം എം ഇ പാങ്ങോട് ബ്രിഗേഡ്<br><br>14- ഹൈ ആൾടിട്യൂഡ് റസ്ക്യൂ ടീം<br><br>26-കോസ്റ്റ് ഗാർഡ്<br><br>45-റ്റെറിട്ടോറിയൽ ആർമി<br><br>സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ്, മെഡിക്കൽ ടീം, ദേശീയ ദുരന്ത നിവാരണ അതോറിറ്റി ഡെൽറ്റ സ്ക്വാഡ്, കേരള പോലീസ് & ആർമി കെ9 ഡോഗ് സ്ക്വാഡ്, വോളണ്ടിയേഴ്സ്, രാഷ്ട്രീയപ്രവർത്തകർ, സന്നദ്ധ സംഘടനകൾ, പ്രദേശവാസികൾ എന്നിവർ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി. ഊരാളുങ്കൽ സൊസൈറ്റിയുടെ യന്ത്രസാമഗ്രികളും ഹെവി വാഹനങ്ങളും മറ്റു സന്നദ്ധ സംഘടനകളുടെയും നാട്ടുകാരുടെയും ജെസിബി, ഹിറ്റാച്ചി എന്നിവയുൾപ്പെടെയുള്ള എല്ലാ ഉപകരണങ്ങളും ദുരന്ത പ്രദേശത്ത് ഉപയോഗിച്ചു. |
| (ഡി) | താൽക്കാലിക പുനരധിവാസ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ; | (ഡി) | ദുരന്തബാധിതരായ മുഴുവൻ കുടുംബങ്ങളെയും വാടകവീടുകളിലേയ്ക്കും വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള ക്വാർട്ടേഴ്സുകളിലേയ്ക്കും ബന്ധുവീടുകളിലേയ്ക്കുമായി 28 ദിവസത്തിനകം |

| | | | |
|---|---|---|---|
| | | | പുനരധിവസിപ്പിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നും പുനരധിവസിപ്പിക്കുന്നവർക്ക് ഭക്ഷണ സാധനങ്ങളും മറ്റുമടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു. വീടുകൾക്ക് ആവശ്യമായ ഫർണിച്ചറുകളും മറ്റുപകരണങ്ങളും വിതരണം ചെയ്തു. ഉരുൾപ്പൊട്ടൽ ബാധിതരായി ക്യാമ്പുകളിൽ നിന്ന് വാടക വീടുകളിലേയ്ക്കോ, ബന്ധുവീടുകളിലേയ്ക്കോ മാറുന്നവർക്ക് പ്രതിമാസം വാടക ആയി 6000/- രൂപവീതം അനുവദിച്ചു. ഓരോ കുടുംബങ്ങൾക്കും 10,000/-രൂപ വീതം അടിയന്തിര ധനസഹായം നേരത്തെ അനുവദിച്ചിരുന്നു. ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് സഹായധനമായി പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് 300/- രൂപ എന്ന നിലയിൽ 30 ദിവസത്തേക്ക് അനുവദിച്ചിരുന്നു. ഈ ആനുകല്യം ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്ക് അനുവദിച്ചു. ഇത് കൂടാതെ ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗിയുള്ള / കിടപ്പുരോഗികളുള്ള കുടുംബങ്ങളിൽ ഒരാൾക്ക് കൂടി 300/- രൂപ വീതം അധികമായി 30 ദിവസത്തേക്ക് അനുവദിച്ചു. |
| (ഇ) | ശാശ്വതമായ പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഏകോപനവും ആസൂത്രണവും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഇ) | മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റും കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റും ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കുന്ന തിനായി മാതൃക ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് അനുയോജ്യമായി കണ്ടെത്തുകയും ഈ സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായും വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ ഉൾപ്പെടുന്ന മറ്റ് കുടുംബങ്ങളെ രണ്ടാം ഘട്ടത്തിലും പരിഗണിക്കും. കൂടാതെ, ആന്തരിക റോഡുകൾ, അംഗൻവാടി, സ്കൂൾ, പോസ്റ്റ് ഓഫീസ്, ആരോഗ്യ ക്ലിനിക്ക്, മാലിന്യ സംസ്കരണ മേഖല, കമ്മ്യൂണിറ്റി ഹബ്ബ്, പാർക്ക്, മറ്റ് സാമൂഹിക പശ്ചാത്തലങ്ങൾ അടക്കമുള്ള സൗകര്യങ്ങൾ ടൗൺഷിപ്പിൽ ഒരുക്കേണ്ടതുണ്ട്. നിർദ്ദിഷ്ട ടൗൺഷിപ്പിന്റെ മാതൃക, layout എന്നിവ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - വയനാട് മേപ്പാടി ഗ്രാമപഞ്ചായത്തിലുണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരായ കുടുംബങ്ങൾക്ക് താമസസൗകര്യം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് വാടക അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.597/2024/DMD  തീയതി,തിരുവനന്തപുരം, 13-08-2024

---

പരാമർശം:- 1. സഉ(പി)നം. 2/2024/ഡിഎംഡി തീയതി 9/08/2024.

2. വയനാട് ജില്ലാകളക്ടറുടെ 11.8.2024- ലെ DCWYD/4708/2024-DM3 നം. കത്ത്.

**ഉത്തരവ്**

വയനാട് മേപ്പാടി ഗ്രാമപഞ്ചായത്തിലുണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരായ കുടുംബങ്ങൾക്ക് താമസസൗകര്യം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ കാണുന്ന പ്രകാരം വാടക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു-

1. ക്യാമ്പുകളിൽ കഴിയുന്നവർക്ക് വാടകവീടുകളിലേക്ക് മാറുന്നതിനായി ഒരു കുടുംബത്തിന് പ്രതിമാസം 6000/- രൂപവരെ അനുവദിക്കുന്നതിന് അനുമതി നല്കുന്നു.
2. ബന്ധുവീടുകളിലേക്ക് മാറുന്ന കുടുംബങ്ങൾക്കും വാടക ഇനത്തിൽ പ്രതിമാസം 6000/- രൂപ അനുവദിക്കുന്നതിന് അനുമതി നല്കുന്നു.
3. സൗജന്യ താമസമൊരുക്കുകയാണ് സർക്കാർ ലക്ഷ്യമെന്നതിനാൽ സർക്കാർ ഉടമസ്ഥതയിലോ മറ്റു പൊതു ഉടമസ്ഥതയിലോ സ്വകാര്യ വ്യക്തികൾ സൗജന്യമായി വിട്ടു നൽകുന്ന ഇടങ്ങളിലേക്കോ മാറുന്ന കുടുംബങ്ങൾക്ക് പ്രതിമാസ വാടക വീണ്ടും അനുവദിക്കേണ്ടതില്ല.
4. മുഴുവനായി സ്പോൺസർഷിപ്പ് മുഖേന താമസ സൗകര്യം ഒരുക്കുന്ന കെട്ടിടങ്ങളിലേക്ക് മാറുന്നവർക്ക് പ്രതിമാസ വാടക അനുവദിക്കേണ്ടതില്ല. എന്നാൽ ഭാഗീകമായി സ്പോൺസർഷിപ്പ് നല്കുന്ന കേസുകളിൽ ശേഷിക്കുന്ന തുക പരമാവധി 6000 രൂപ വരെ പ്രതിമാസ വാടക അനുവദിക്കുന്നതിന് അനുമതി നല്കുന്നു

വാടക ഇനത്തിൽ അനുവദിക്കേണ്ട തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം.
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
കമ്മീഷണർ,ദുരന്ത നിവാരണം.
ജില്ലാകളക്ടർ,വയനാട്.
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം.
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sivaprasad V N
Date: 13-08-2024 14:43:17
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - വയനാട്- മേപ്പാടി ഗ്രാമപഞ്ചായത്തിലെ വെത്തിരി താലൂക്കിൽ 30/07/2024-ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവർക്ക് അടിയന്തിര ആശ്വാസ ധനസഹായം അനുവദിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ദുരന്തനിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.589/2024/DMD തീയതി,തിരുവനന്തപുരം, 09-08-2024

---

പരാമർശം:- സഉ(പി) നം.2/2024/ഡിഎംഡി തീയതി 09/08/2024

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ 10, 11, 12 വാർഡുകളിൽ 30/07/2024ന് ഉണ്ടായ ഉരുൾപ്പൊട്ടലിലെ ദുരന്ത ബാധിതർക്ക് ചുവടെ കാണുന്ന പ്രകാരം അടിയന്തിര ധനസഹായം അനുവദിക്കുവാൻ വയനാട് ജില്ലാകളക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

**I. ദുരന്തബാധിതർക്കുള്ള ആശ്വാസ ധനസഹായം**

- ജീവനോപാധി നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് സഹായധനമായി പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് 300/- രൂപ വീതം 30 ദിവസത്തേക്ക് അനുവദിക്കുന്നു. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നു. ഈ തുക SDRF ൽ നിന്നും നിബന്ധനകൾ പാലിച്ച് അനുവദിക്കേണ്ടതാണ്.
- ഇത് കൂടാതെ ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗിയുള്ള /കിടപ്പുരോഗികൾ ഉള്ള കുടുംബത്തിലെ ഒരാൾക്ക് കൂടി 300/- രൂപ വീതം അധികമായി 30 ദിവസത്തേക്ക് അനുവദിക്കുന്നു. ഈ തുക CMDRF ൽ നിന്നും വഹിക്കേണ്ടതാണ്.

**II. <u>ക്യാമ്പിൽ താമസിക്കുന്നവർക്കുള്ള അടിയന്തര സഹായം</u>**

- ക്യാമ്പിൽ താമസിക്കുന്നവരുൾപ്പടെ ഉരുൾപൊട്ടൽ ദുരന്ത ബാധിതരായ എല്ലാ കുടുംബൾക്കും 10,000/- രൂപ വീതം അടിയന്തര ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്നതിൽ SDRF ന്റെ മാനദണ്ഡ പ്രകാരമുള്ള 5000/- രൂപയ്ക്ക് പുറമെയുള്ള തുക CMDRF ൽനിന്ന് അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ,വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
റവന്യൂ(ഡിആർഎഫ്)വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sivaprasad V N
Date: 09-08-2024 18:06:43

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

## Abstract

Disaster Management Department -Wayanad landslide 2024- Post-Disaster Needs Assessment(PDNA) Exercise at Wayanad- Expert Team Constituted- Orders Issued

## DISASTER MANAGEMENT (A)DEPARTMENT

G.O.(Rt)No.625/2024/DMD Dated,Thiruvananthapuram, 23-08-2024

Read 1. GO(P) No.1/2024/DMD dated 02.08.2024.
2. MTO VII/978/2024/KSDMA dated 05.08.2024.
3. GO(P) No. 2/2024/DMD dated 09.08.2024.
4. Email dated 20.08.2024 and 22.08.2024 from National Disaster Management Authority.

## ORDER

The landslide reported at Meppadi Grama Panchayath of Vythiri Taluk of Wayanad district on 30.07.2024 was declared as a notified disaster as per G.O read 1st and 3rd above. The total area of the landslide is estimated at 86,000 square meters at length of 8 kms. Ward numbers 10,11, and 12 of Meppadi Grama Panchayath were impacted and as per G.O read 3rd above these wards were notified as disaster affected. The loss of lives is currently 231 individuals and 119 individuals are still missing. In response to the situation, the Kerala State Disaster Management Authority, Government of Kerala, issued a letter- MTO VII/978/2024/SDMA-KSDMA dated 5-08-2024, requesting the NDMA to provide guidance and support- technical assistance for conducting a Post-Disaster Needs Assessment (PDNA) exercise as per paper 2 nd read above. As per paper read as 4 th above, NDMA has intimated their guidance and support - technical assistance for the PDNA and has also shared the Terms of Reference and the NDMA Team Composition for Wayanad Landslide PDNA Exercise. It is also informed that the team from NDMA will arrive at Calicut on 25.08.2024 and the PDNA process will be held from 26.08.2024 to 31.08.2024. In the circumstances, Government are pleased to constitute sector wise Post Disaster Need Assessment team for Wayanad as detailed below. The Terms of Reference

for the PDNA team is also approved.

Principal Secretary, Disaster Management & State Relief Commissioner will oversee the PDNA process, Member Secretary- KSDMA will supervise the State level Officers and District Collector- Wayanad will be in charge of District Officers.

**Sector Wise Team Composition for Wayanad Landslide PDNA**

| *Sector/ Accountability* | *Name/s* |
|---|---|
| **Team Leads and Overall Report Preparation** | Dr. Sekhar Lukose Kuriakose and Prof. R Pradeep Kumar |
| **Hazard Analysis** | Dr. Debi Prasanna Kanungo, Dipali Jindal, Sathyakumar C J, Dr. Monish Jose, Dr.Hari Kumar, Mr. G. Sankar, Ms. Anaswara Devi B. R |
| **Social Sectors** | |
| Housing and Settlements | Amit Tandon, Ajay Chourasia<br>Dr. Manoj Kumar Kini, Ar. Arya Narendran |
| Education | Amit Tandon<br>Saseendra Vyas |
| Health and Nutrition | Cyriac K J, Dr. Anish T.S, Dr. Jazeela A |
| Public building and Civic Amenities (Urban and Rural)- including | Ajay Chourasia, Amit Tandon<br>Dr. Hari Kumar, Mr. |
| Commercial Infrastructure | Sreerag R.E, Ms. Anna John |
| Psycho-Social well being | Cyriac K J, Dr Aparna Nair, Mr. Joe John George, Ms. Ziya Arun |
| **Infrastructure** | |
| Drinking Water and Sanitation | Amit Tandon, Mr. P.C Majeed, Ms. Shenu Jose |
| Roads and Bridges | Indraneel Bose, Dipali Jindal, Sathyakumar C J, Mr. Baiju P.B, Ms. |

| | |
|---|---|
| | Keerthana Ramesh |
| Power | M A Dasarathi, Dipali Jindal, Sathyakumar C J, Mr. Prasanth |
| Irrigation (Minor Canals/ Traditional Irrigation System) | Amit Tandon, Ajay Chourasia, Mr. P.C Majeed, Ms. Shenu Jose |
| **Productive** | |
| Agriculture and Horticulture(including plantations and agriculture labour) | Abhinav Walia, Suvas Chandra Mohanty Dr. Yamini Varma, Dr. Arunjith P |
| Animal Husbandry and Livestock | Abhinav Walia, Suvas Chandra Mohanty Dr. Rajesh, Mrs. Femy Mathew |
| Tourism | Abhinav Walia, Suvas Chandra Mohanty, Mr. Prabhath |
| MSME, Small/ local Businesses, Livelihoods | Suvas Chandra Mohanthy, Abhinav Walia, Smt. Liziamma Samuel |
| **Cross Cutting** | |
| Disaster Risk Reduction | Amit Tandon, Dr. Debi Prasanna Kanungo, Dipali Jindal, Sathyakumar C J, Cyriac K J, Dr. Sekhar Lukose Kuriakose |
| Forest and Environment | Abhinav Walia, Suvas Chandra Mohanty, Mr. Ajith K Raman, Dr. Pratheesh Maman, Mr. Dinesh K.S, Ms. Amrutha K |
| Social Inclusion- Tribals, Elderly, Persons with Disability, Gender Perspectives | Cyriac K J, Amit Tandon, Sathyakumar C J, Dipali Jindal, Dr. Annie George, Ms. Anagha, Mr. Joe John George |

## <u>Terms of Reference</u>

**Wayanad Landslide-Post Disaster Needs Assessment (PDNA)**

The objective of the PDNA is to assess the damages caused by the

Landslide in Wayanad, Kerala and define a strategy for recovery and reconstruction, including estimation of financial costs across the impacted sectors.

**The specific objectives of the PDNA are as follows:**

- Estimate the overall impact of the disaster event on the lives, livelihoods and property of the affected communities; and assess the loss and damage under the social, productive, health, infrastructure, tourism and livelihoods, forest and environment, and DRR sectors, integrating gender and tribal inclusion.
- Assess the impacts of the disaster to develop a Recovery and Reconstruction Strategy to address the early, medium- and long-term recovery and reconstruction needs with costs and a timeline in one consolidated report.
- Ensure that strategies for recovery and reconstruction integrate concepts of disaster risk reduction and “build back better” and address gender and environmental concerns;
- Developing a recovery and reconstruction strategy that is representative of the needs and priorities of the affected communities considering the ecological and geographical challenges
- Recommend and define a strategy for Disaster Risk Management
- Recommend institutional mechanisms and policy options to be undertaken in support of the recovery and reconstruction process and that promote long term disaster resilience
- Recommend an overall “build back better” cost considering the sectoral need assessment.

**Process for conducting the Post-Disaster Needs Assessment**

This PDNA exercise will be led by the Government of Kerala and will be jointly supported by NDMA, NIDM, and other agencies. The following process may be followed for PDNA.

1. Setting up the Team, Preparation, and Coordination

- Kerala State Disaster Management Authority will constitute a multi-stakeholder state-level team consisting of sector experts, representatives from the Government, international organizations, institutions, and

other relevant stakeholders.

- Establish a coordination mechanism with clear roles, responsibilities, and deadlines for each team member and define the scope and objectives of PDNA.
- At the District level, the district team will be led by the District Collector and will consist of members from DDMA, heads of the line departments, supported by Executive Engineers and Asst. Executive Engineers from the departments (PWD, LSGD Engineering, Minor Irrigation, Water Authority), Rural Development, Kudumbashree, SC/ST Development Department, Mining and Geology, Forest Department, Tourism Department, Women and Child Department, Social Justice Department and other relevant departments as desired by District Collector.

2. Training Program

- Experts from NDMA, NIDM, and other agencies will conduct a training program for constituted teams focusing on the process, data collection, analysis, recovery needs, and report writing for PDNA.
- NDMA will provide templates for data collection, damage assessment, and identifying recovery needs to KSDMA.

3. Sectoral Assessments

- Sectoral assessments will be done by sectoral teams constituted by the State.

Assessments will include detailed assessments for each affected sector.

- State Government team and district officials will support the sector teams in the provision of baseline information, damage data, GPS locations, photographs, losses, impact, and identifying recovery needs.

4. Drafting of the PDNA report:

Following the collection of data, the team will prepare the report. The report will present sector-wise damage. The cost estimates of all the damage will be included in the report. The basis for estimating the cost of damage, including the unit cost, must be included in the sector report.

- KSDMA will be responsible for drafting the report by compiling the assessment findings, analyses, and proposed strategies into a comprehensive document.
- NDMA will provide technical inputs and comments on each sector, data collected, unit cost estimates, recovery needs, etc.
- NDMA will provide guidance in preparing the final reports.
- KSDMA will incorporate comments by the Sector experts, NDMA and prepare the final report.

5. Submission of Final report

- KSDMA shall submit the final reports to MHA for approval.

**Assessment District: Wayanad, Kerala**
**Sectors for Post Disaster Needs Assessments**
The damage and loss assessments and estimation of recovery and reconstruction needs will be undertaken under the following sectors
**Social Sectors**

a. Housing and Settlements
b. Education
c. Health and Nutrition
d. Public building and Civic Amenities
e. Psycho-Social wellbeing Infrastructure

**Infrastructure**

a. Drinking Water and Sanitation
b. Roads - Major District Roads/Other District Roads/ Village Roads/ Bridges
c. Power
d. Irrigation (Minor Canals/ Traditional Irrigation System)

**Productive**

a. Agriculture and Horticulture (including plantations and agriculture

labour)

b. Animal Husbandry and Livestock
c. Tourism
d. MSME, Small/ local Businesses, Livelihoods

**Cross-Cutting**

a. Disaster Risk Reduction and Environment
b. Forest and Environment
c. Social Inclusion- Tribals, Elderly, Persons with Disability, Gender Perspectives

**PDNA Team constituted by the Government of Kerala for the Wayanad Landslide is as follows: Team members nominated by NDMA to be at Wayanad from 25-8-2024 to 01-09-2024**

1. Prof. R Pradeep Kumar, Director, CBRI
2. Dr Debi Prasanna Kanungo, Chief Scientist & Professor (AcSIR), CBRI
3. Dr Ajay Chourasia, Chief Scientist, CBRI
4. Cyriac K J, Social Safeguards Specialist, NIUA, MoHUA, GOI
5. Amit Tandon, Consultant- CDRI
6. M A Dasarathi, Power Expert- CDRI
7. Indranil Bose- Roads Expert- CDRI
8. Dipali Jindal, Senior Consultant (Landslides and Avalanches), NDMA
9. Sathyakumar C J, Senior Consultant (HRVA), NDMA
10. Abhinav Walia, Senior Consultant, Disaster Management
11. Suvas Chandra Mohanty, Lead Consultant- Capacity, Building and Training

**Team members nominated by KSDMA to be at Wayanad from 25-8-2024 to 01-09-2024**

1. Dr. Monish Jose, Assistant Professor, KILA

2. Mr. Joe John George, Consultant DRR, KSDMA.
3. Dr. Annie George, Executive Director, Bedroc
4. Dr. Arunjith P, Specialist (Soil Science), Landuse Board
5. Dr. Anish T.S, Associate Professor, Public Health, Govt. Medical College, Manjeri
6. Dr. Manoj Kumar Kini, Managing Director, KTIL
7. Mr. Baiju P.B, Executive Engineer, KRFB
8. Mr. Sreerag R.E, AEE, Kalpetta Block, LSGD Engineering Department
9. Mr. Dinesh K.S, Environmental Engineer, PCB, Kazargode
10. Ms. Anaswara Devi B.R, Hazard Analyst (Geology), KSDMA
11. Ms. Anna John, Urban Planner, KSDMA
12. Ar. Arya Narendran, Architect, KSDMA
13. Ms. Shenu Jose, Hydrologist, KSDMA
14. Ms. Anagha, Rural Development Specialist, KSDMA
15. Dr. Pratheesh Maman, Project Coordinator, KSDMA
16. Dr. Hari Kumar, Geohazards Society
17. Mr. G. Sankar, Scientist G (Rtd), NCESS and Member, Landslide Advisory Committee, KSDMA
18. Dr. Sekhar Lukose Kuriakose, Member Secretary, KSDMA (ex-officio) & Head, Kerala State Emergency Operations Centre

**Team members from Wayanad to be available for the PDNA process from 25-8-2024 to 01-9- 2024**

1. Mr. Prabhath, Deputy Director, Tourism, Wayanad
2. Dr. Rajesh, DAHO, Animal Husbandry Department, Wayanad
3. Mrs. Femy Mathew, Deputy Director, Dairy Development Department, Wayanad
4. Mr. P.C Majeed, Joint Director (LSGD), MGNREGS, Wayanad
5. Mr. Ajith K Raman, DFO, Wayand (South)
6. Dr. Yamini Varma, Dean, College of Agriculture, Ambalavayal, Wayanad

7. Mr. Prasanth, Deputy Chief Engineer (Distribution), KSEB, Kalpatta
8. Smt. Liziamma Samuel, District Industries Centre Wayanad.
9. Sri. Saseendra Vyas, DDE Wayand
10. Dr. Aparna Nair, District Nodal Officer, Mental Health Programme, Wayanad

**The following team members will support their respective counterparts from KSDMA HQ, Trivandrum**

1. Ms. Ziya Arun, Hazard Analyst (Psychology)
2. Ms. Amrutha K, Hazard Analyst (Environment)
3. Dr. Jazeela A, Hazard Analyst (Public Health)

Ms. Keerthana Ramesh, Hazard Analyst (Civil)

All expenses in connection with the Post Disaster Needs Assessment (PDNA) will be met from the plan fund of KSDMA.

(By order of the Governor)
TINKU BISWAL
PRINCIPAL SECRETARY

To:
The Accountant General (Audit)(A&E) Kerala, Thiruvananthapuram
Member Secretary,NDMA( with C/L)
The Commissioner, Land Revenue, Thiruvananthapuram.
The Commissioner, Disaster Management
The District Collector,Wayanad
The Member Secretary, Kerala State Disaster Management Authority,
Team Members( Through Member Secretary, NDMA)
Local Self Government Department
Tourism Department
Agriculture Department
Animal Husbandry Department
Dairy Development Department
Forest Department
Power Department
Health Department
Environment Department

The Information Officer, Web & New Media,I&PRD
Stock File/Office Copy

Forwarded /By order

Signed by
Sivaprasad V N
Date: 23-08-2024 14:20:47

Section Officer

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടൽ ബാധിച്ച സ്ഥലങ്ങളുടെ ഭൂവിനിയോഗവും - പുനരധിവാസത്തിനായുള്ള സ്ഥലങ്ങളും-സൂക്ഷ്മ പരിശോധന നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിക്കുന്ന സംഘത്തെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.590/2024/DMD തീയതി,തിരുവനന്തപുരം, 09-08-2024

---

പരാമർശം:- സഉ (പി) നം. 2/2024/ഡിഎംഡി തീയതി 09/08/2024.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ ഉരുൾപൊട്ടൽ നേരിട്ട് ബാധിച്ച സ്ഥലങ്ങളിൽ സൂക്ഷ്മ പരിശോധന നടത്തി ദുരന്ത സാധ്യത വിലയിരുത്തി, ഇതേ സ്ഥലങ്ങൾ ഇനിയും ജനവാസ യോഗ്യമാണോ അല്ലയോ എന്നത് കണ്ടെത്തി ശിപാർശകൾ സമർപ്പിക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ചുമതലപ്പെടുത്തുന്ന ഒരു ജിയോളജിസ്റ്റ്, ഒരു ദുരന്ത സാധ്യത അപഗ്രഥന വിദഗ്ദ്ധൻ (Hazard Analyst) ഒരു ഹൈഡ്രോളജിസ്റ്റ്, ഒരു മണ്ണ് സംരക്ഷണ വിദഗ്ധൻ എന്നിവരടങ്ങിയ സംഘത്തെ നിയോഗിച്ച് ഉത്തരവാകുന്നു.

ഇതേ വിദഗ്ദ്ധ സംഘം പുനരധിവാസത്തിനായി കണ്ടെത്തിയ ഭൂമികൾ കൂടി പരിശോധിക്കേണ്ടതും ആയത് സംബന്ധിച്ച ശുപാർശകൾ കൂടി സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ&ഇ) കേരള, തിരുവനന്തപുരം.
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
കമ്മീഷണർ, ദുരന്ത നിവാരണം.
ജില്ലാകളക്ടർ, വയനാട്.
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.
തദ്ദേശ സ്വയംഭരണ വകുപ്പ്.
വ്യവസായ വകുപ്പ്.
കൃഷി വകുപ്പ്.
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sivaprasad V N
സെക്ഷൻ ഓഫീസർ
Date: 09-08-2024 18:09:49

# GOVERNMENT OF KERALA

## Abstract

Disaster Management Department - Proactive delivery of essential certificates to survivors of landslide at Wayanad through a Certificate retrieval campaign - Orders issued.

## DISASTER MANAGEMENT (A) DEPARTMENT

G.O.(Ms)No.142/2024/RD Dated,Thiruvananthapuram, 07-08-2024

Read 1 G.O.(Ms) No.238/2018/ITD dated 14/09/2018

2 Minutes of the meeting convened by Secretary Electronics & IT Department on 04.08.2024.

## ORDER

The catastrophic landslide that struck Wayanad caused enough damage to both life and property overnight. Alongside the physical destruction, many of the survivors have lost their critical documents and important personal records such as ration cards, aadhaar cards, bank passbooks, certificates proving their educational qualifications besides other civic documents like birth certificates, death certificates, marriage certificates, land deeds, etc.

2. To address this, the Government is pleased to announce that a proactive Certificate Reclamation and Retrieval process will be implemented in the affected wards similar to the camps conducted after the floods in 2018 & 2019. This will streamline the process of issuing replacement certificates and other crucial documents, assisting the families in overcoming the challenges of overcoming the challenges of obtaining these crucial records following their loss.

3. The Government is taking a proactive approach to address the issue. Camps shall be set up at the relief centers to assist people in retrieving their documents instantly with the help of a portal that integrates data from various departments. Kerala State IT Mission, Akshaya, Revenue Department, Kerala State Disaster Management Authority, and other supporting departments will collaborate to provide a seamless, single interface solution. There may be instances of loss of crucial documents for people living outside the camps. In such cases, certificate retrieval camps can be arranged at suitable places by the district administration in the disaster-affected area.

4. Certificates and documents such as Ration cards, Aadhaar cards, Birth

certificates, Death certificates, Health cards, etc. which can be processed using the existing data, will be printed and distributed in the relief camps. For cases where the original certificates can only be issued by the concerned agency after processing the collected information, provisional certificates will be provided. The originals of the reclaimed/retrieved certificates shall be delivered within 30 days following the camps. Additionally, the certificates delivered shall also be made available in the Digi Locker portal to ensure its safety for future use.

**List of Certificates/documents**

As part of the Wayanad Certificate Retrieval Camps, the following certificates and documents shall be made readily available to the affected citizens.

Aadhaar Card, Ration card, Voters ID card (EPIC Card), UDID Card, Vehicle Registration (RC Book), Driving License, Health Card, Mahatma Gandhi NREGS Job Card, Employment registration card, Birth Certificate, Death Certificate, Marriage Certificate, Ownership Certificate, Caste Certificate, Community Certificate, Land Deeds, Certificates and Mark lists proving educational qualifications issued by the Pareeksha Bhavan - SSLC, THSLC, KTET, TTC, DEd, DElEd, KGTE (Type writing), Arabic Language Teacher Exam, NTEC etc, Certificates and mark lists of Plus Two (HSE), VHSE, ITI, Polytechnic certificates and Bank Passbooks/ATM cards.

The District Administration shall take steps to facilitate reclamation of documents like Passport, PAN card, LPG card in the next phase.

**Methodology for data retrieval**

1. Keeping the ration card data (RCMS) available with the Food and Civil Supplies Department as the base data, the Digital University Kerala will develop a unified repository to integrate and collate data pertaining to certificates/civic documents available with the concerned departments using data dumps/APIs in cases where data dumps are not available. SSLC and allied educational qualification data available with Pareeksha Bhavan will also be integrated in the repository for easy access and retrieval. This will be the primary database for issuance of certificates and documents.

2. Unique identifiers like names, date of birth, address, mobile number, Aadhaar number, ration card number, family member names, pin code, ward no. etc will be used to intelligently search the unified repository and matching certificates/documents issued by the departments will be identified.

The certificates/documents hence retrieved will be handed over to the survivors in the relief camps itself. Other certificates which require processing time will be delivered within 30 days after the camps.

3. Considering the exigency, departments will issue orders to rely on unique identifiers to regenerate the documents and avoid regular formalities like SMS and OTP authentication along with other references.

**Methodology for distribution of documents**

- The details of certificates lost/damaged during the landslide shall be assessed and consolidated by the concerned Relief Camp Nodal Officer from the survivors, along with the available data in the format attached as Annexure I. Details of survivors already moved out of camps may also be collected.
- The District Project Manager KSITM will consolidate the details and submit to the District Collector and Director Kerala State IT Mission.
- This data will be used to cross-verify the data available in the unified repository.
- Once documents/certificates are verified, printouts will be taken and distributed at the camps.
- Digital copies of all possible documents will be pushed to the Digi Locker.

**Methodology for the conduct of camps**

While survivors will receive their documents/certificates in the relief camps, certificate retrieval camps consisting of department officials and other stakeholders will be set up adjacent to the relief camps in the following manner:

**1. Registration Counter**

Applicant details will be registered on this counter in an application developed exclusively for this purpose. These counters will be manned by Akshaya District Officials.

**2. Aadhaar Counter**

Using Aadhaar number and fingerprint, e-Aadhaar will be retrieved and

got printed. This can be manned by Akshaya District Officers and Akshaya Entrepreneurs or Akshaya Centre staff. The Akshaya staff will make necessary arrangements to collect the fingerprints of the survivors without bringing them to the camps.

**3. Digi Locker Counter**

Digi Locker account will be created using the eAadhaar generated.

**4. Search Counter**

Using Unique identifiers already collected, the unified repository will be used to list out the maximum possible documents/certificates. The listed documents/certificates will be shared with the staff in the department counters.

**5. Department Counters**

This counter will process the certificates/documents listed after the search carried out in the repository. The counter shall be manned by Department officials who shall have credentials and access to their department systems for any search facility or printing of certificates. They shall be supported by Akshaya Entrepreneurs or Akshaya Centre staff. For documents which need time for processing, a provisional certificate will be given along with an acknowledgement. The original documents will be processed and shared within the next 30 days. Digital copies of the same will be pushed to the Digi Locker for future use.

**Departments/Boards involved**

The following departments, boards, other offices will work in coordination with the technology partners/TSPs to complete the process.

**Departments -** Electronics & IT, Revenue, Local Self Government, Food and Civil Supplies, Motor Vehicles, Registration, Health and Family Welfare, Social Justice, Employment, Scheduled Caste Development, Scheduled Tribe Development, General Education, Higher Education, Collegiate Education, Technical Education.

**Boards-** Kerala Pareeksha Bhavan, Boards of Higher Secondary Examination, Vocational Higher Secondary Examination & Technical Education.

**Other Stakeholders-** Kerala Social Security Mission, Lead Bank of Wayanad District.

**Technology partners and relevant stakeholders -** Digital University Kerala, National Informatics Centre Kerala, Information Kerala Mission, CDIT, State Health Agency and KELTRON.

**Duties and Responsibilities**

**1**. Kerala State IT Mission will coordinate all the activities.
**2**. Digital University Kerala will develop the unified repository/application interface. DUK will also circulate a data format to enable data sharing from the departments and technology partners.
**3.** The concerned departments should share the data dumps/APIs in cases where data dumps are not available to DUK with the technical support of technology partners. Formal approvals, if required, may be issued for the same.
**4**. The concerned departments may nominate an IT Nodal Officer and share the details with KSITM. They will coordinate with their respective Technology Partner/TSP and timely sharing of data to Digital University.
**5.** The concerned Technology Partner/TSP (National Informatics Center, Pareeksha Bhavan, Information Kerala Mission, CDIT, etc) will provide technical support for generation of the required data dump or sharing APIs.
**6.** All partnering/participating departments should issue Government Orders for waiving fees and to avoid regular formalities to issue the documents to the survivors.
**7**. The District Administration will make necessary arrangements for the conduct of camps of departments and other stakeholders.
**8.** The concerned local body will set up infrastructure for the camps. They will arrange Shamiyanas, Tables, Chairs, drinking water, free food for the survivors and staff, adequate electrification with lights and power plug points, Computers, Printers, Internet, Stationery, Power backup etc in the camp.
**9.** District Project Manager (DPM) KSITM and Akshaya will ensure adequate number of KSITM officials and Akshaya Entrepreneurs for the conduct of camps.
**10.** Network connectivity and LAN connectivity ports/wifi will be provided by BSNL.
**11.** KSEB will ensure uninterrupted power supply at the camps.
**12.** Vehicle requirements for the transit of equipment and camp staff of Akshaya Project should be taken care of by the Revenue Department.
**13.** KSITM will provide adequate funds for the District e-Governance Society (DeGS) to ensure smooth conduct of the certificate retrieval

campaign.

**Additional support along with the certificate retrieval program**

**1**. The District Administration may convene a meeting to bring all major Telecom Service Providers to explore possibilities to provide duplicate SIM cards based on the certificates issued.
**2.** Lead Bank Manager and bank branches may facilitate issuance of bank passbooks, cheque books, ATM cards to the concerned affected individuals. The District Administration to facilitate this.
**3.** Sponsorship shall be sought from Private/ Public sector enterprises for providing smart phones at cheaper rates to the affected individuals and which can be used as a process to push the certificates provided to individuals digitally into their accounts
**4.** The team in charge of the conduct of certificate retrieval camp shall take note of the losses of everyone that they incurred such as house, farm, cattle, vehicle, textbooks, etc. for proactive delivery of services as a next immediate phase.

Sri.S.Sanob KAS, Director in Charge, Kerala State IT Mission (Mobile No. 9895174293, Email – head-ir.ksitm@kerala.gov.in) will be the Nodal Officer to coordinate all the activities under the supervision of the Secretary, Electronics & IT Department.

(By order of the Governor)
TINKU BISWAL
PRINCIPAL SECRETARY

1. All Secretaries and HODs of the concerned Departments
2. Vice Chancellor, Digital University of Kerala
3. Chief Executive Officer, UIDAI, Head Office, New Delhi
4. Principal Director, LSGD Kerala
5. The District Collector, Wayanad
6. Secretary, Kerala Pareeksha Bhavan
7. Controller of Examinations – Higher Secondary Board
8. Controller of Examinations – Vocational Higher Secondary Board
9. Controller of Examinations – Technical Education
10. State Informatics Officer, NIC
11. Executive Director, Information Kerala Mission
12. Mission Director, Mahatma Gandhi NREGS Kerala
13. Director Kerala State IT Mission
14. Director Kerala Social Security Mission

15. Director CDIT
16. State Lead Bank Manager, Kerala
17. Lead Bank Manager, Wayanad District
18. Chief General Manager BSNL Kerala Circle
19. Chairman KSEB Limited
20. Principal Accountant General (Audit), Thiruvananthapuram
21. Accountant General (A&E), Thiruvananthapuram
22. Stock file.

Forwarded /By order

Signed by
Sivaprasad V N
Section Officer
Date: 07-08-2024 19:45:20